**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 764** — **27/04/2017 ൽ മറുപടിയ്ക്ക്**

## കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർ ഗോഡ്, രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന |

| | | | |
|---|---|---|---|
| | | | തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ. (കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചെയർ മാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ,പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് , ധനകാര്യ വകുപ്പ് പ്രതിനിധി,ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ , ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും , കാപെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുമുണ്ട്. അടച്ചിട്ട സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനായി കശുവണ്ടി വ്യവസായ വകുപ്പ മന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായി പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർത്ത് ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചയിലെ തീരുമാനത്തെത്തുടർന്ന് ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തോട്ടണ്ടി ലഭ്യമാക്കു ന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണന യിലാണ്.<br><br>ബോധപൂർവ്വം ഫാക്ടറികൾ അടച്ചിടുന്ന ഫാക്ടറി ഉടമകൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ